

# കാടപ്പക്ഷി വളർത്തൽ


കേരള സർക്കാർ
കൃഷിവകുപ്പ്

ഫാം ഇൻഫർമേഷൻ ബ്യൂറോ
തിരുവനന്തപുരം



# കാടപ്പക്ഷി വളർത്തൽ

| | | |
|---|---|---|
| തയ്യാറാക്കിയത് | : | **ഡോ. എ.ബി. സുജ**<br>*അസിസ്റ്റന്റ് ഡയറക്ടർ* |
| ചീഫ് എഡിറ്റർ | : | **ആർ. അജിത്കുമാർ**<br>*പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ* |
| എഡിറ്റർ | : | **ഡോ. പി.ആർ. വത്സലകുമാരി**<br>*അസിസ്റ്റന്റ് ഡയറക്ടർ*<br>**ബി.കെ. അനിൽ**<br>*കൃഷി ഓഫീസർ* |
| ഫോട്ടോ | : | **സുഭാഷ് ബി. പിള്ള** |
| ലേ-ഔട്ട് | : | **എം. വിജയകുമാർ** |



# കാടപ്പക്ഷി വളർത്തൽ

കാടപ്പക്ഷി വളർത്തലിനു ഇപ്പോൾ നമ്മുടെ നാട്ടിൽ വളരെയേറെ പ്രചാരം ലഭിച്ചു കഴിഞ്ഞു. കാട മുട്ടയുടേയും മാംസത്തിന്റേയും പോഷകമൂല്യവും ഔഷധമേന്മയും സ്വാദും മനസ്സിലാക്കിയ പഴമക്കാർ പറഞ്ഞിരുന്ന 'ആയിരം കോഴിക്ക് അരക്കാട' എന്ന പഴഞ്ചൊല്ല് അർത്ഥവത്താണ്. ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് കാടമുട്ടയും ഇറച്ചിയും വളരെ ആശ്വാസം നൽകുന്നു. കാടമുട്ടയുടേയും ഇറച്ചിയുടേയും ആവശ്യകത കൂടിയതോടെ കാടവളർത്തലിൽ ശ്രദ്ധ പതിപ്പിക്കുന്ന കർഷകരുടെ എണ്ണവും കൂടുകയായി. കാട്ടിൽ ജീവിച്ചിരുന്ന കാടപ്പക്ഷികളെ മെരുക്കി വളർത്തുപക്ഷിയാക്കി, നൂതന പ്രജനന പ്രക്രിയകളിലൂടെ വികസിപ്പിച്ചെടുത്ത് വ്യാവസായികാടിസ്ഥാനത്തിൽ, ഉത്പാദിപ്പിക്കുന്നതിനു വഴി ഒരുക്കിയത് ജപ്പാൻകാരാണ്. അതിനാലാണ് 'ജാപ്പനീസ് ക്വയിൽ' എന്ന പേരിൽ ഇവ അറിയപ്പെടുന്നത്.

## കാടപ്പക്ഷികളുടെ സവിശേഷതകൾ

ഹ്രസ്വജീവിതചക്രവും വളർത്തുവാനുള്ള കുറഞ്ഞ തീറ്റച്ചിലവും കാടപ്പക്ഷികളുടെ സവിശേഷതകളാണ്. മുട്ട വിരിയുന്നതിന് 16-18 ദിവസങ്ങൾ മതിയാകും. ശരീരവലിപ്പം കുറവായതിനാൽ ഇവയെ വളർത്താൻ കുറച്ചു സ്ഥലം മതി. ഒരു കോഴിക്കാവശ്യമായ സ്ഥലത്ത് 8-10 കാടകളെ വളർത്താൻ സാധിക്കും. 6 ആഴ്ച പ്രായമാകുമ്പോൾ മുട്ടയിട്ട് തുടങ്ങുന്നു. മാംസത്തിനു വേണ്ടി വളർത്തുന്നവയെ 5-6 ആഴ്ച പ്രായത്തിൽ വിപണിയിലെത്തിക്കാം. വർഷത്തിൽ 300-ഓളം മുട്ടകൾ ലഭിക്കുന്നു. കാട മുട്ടയ്ക്ക് പക്ഷിയുടെ ശരീരഭാഗത്തിന്റെ 8 ശതമാനം തൂക്കമുണ്ടായിരിക്കും.



## വിവിധയിനം കാടകൾ

ജാപ്പനീസ് കാടകളും ബോബ്വൈറ്റ് കാടകളും ആണ് കൂടുതൽ പ്രചാരത്തിലുള്ളതെങ്കിലും സ്റ്റബിൾ ബോബ് വൈറ്റ്, ഫാറൊ ഈസ്റ്റേൺ എന്നീയിനം കാടകളുമുണ്ട്. ജാപ്പനീസ് കാടകളാണ് വ്യാവസായികാടിസ്ഥാനത്തിൽ മുന്നിൽ നിൽക്കുന്നത്.

## കാടമുട്ടകൾ അടവയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്

ഏത് കാലാവസ്ഥയിലും ഏതവസരത്തിലും കാടമുട്ടകൾ വിരിയിച്ചെടുക്കാം. എന്നാൽ അടവയ്ക്കാനായി മുട്ടകൾ ശേഖരിക്കുമ്പോൾ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

1. 10 മുതൽ 23 ആഴ്ചവരെ പ്രായമുള്ള പിടകളുടെ മുട്ടകളാണ് വിരിയിക്കുന്നത് ശേഖരിക്കേണ്ടത്.
2. മൂന്നോ അതിൽ കുറവോ പിടകൾക്ക് ഒരു പൂവൻ എന്ന അനുപാതത്തിൽ പ്രജനനം നടത്തുന്ന കൂട്ടിൽ നിന്നും എടുക്കുന്ന മുട്ടകൾക്ക് വിരിയുന്നതിനുള്ള ശേഷി കൂടുതലായിരിക്കും.
3. പിടകളുടെ ഇടയിൽ ഒരു പൂവനെ വിട്ടാൽ നാലുദിവസം കഴിഞ്ഞതിനുശേഷം ലഭിക്കുന്ന മുട്ടകളും പൂവനെ മാറ്റുകയാണെങ്കിൽ അതിനുശേഷം മൂന്നുദിവസത്തിനുള്ളിൽ കിട്ടുന്ന മുട്ടകളുമാണ് വിരിയിക്കുന്നതിന് നല്ലത്.
4. പ്രജനനത്തിനായി വളർത്തുന്ന കാടകൾക്ക് പ്രത്യേകം പോഷകാഹാരം നൽകണം.
5. മുട്ട ശേഖരിച്ചുകഴിഞ്ഞാൽ ഏഴു ദിവസത്തിനുള്ളിൽ തന്നെ അവ അടവയ്ക്കേണ്ടതാണ്.

## മുട്ടയുൽപാദനം

പെൺകാടകൾ 6-7 ആഴ്ച പ്രായത്തിൽ മുട്ടയിട്ടു തുടങ്ങും. എട്ട് ആഴ്ച പ്രായം മുതൽ 25 ആഴ്ച പ്രായംവരെയുള്ള സമയം മുട്ടയുൽപാദനത്തിന്റെ ഉന്നതസമയമാണ്. കാടപ്പക്ഷികൾ സാധാരണയായി വൈകിട്ട് മൂന്നു മണി മുതൽ ആറു മണി വരെയുള്ള സമയത്താണ് 75 ശതമാനവും മുട്ട ഇടുന്നത്.



25 ശതമാനം രാത്രികാലങ്ങളിലും ഇടുന്നു. ഒരു വർഷത്തിൽ 250 -300 മുട്ടകൾ വരെ ഇടുന്നു. 8-12 മാസം വരെ മുട്ടയുൽപാദനം തുടരും.

## മുട്ട വിരിയിക്കൽ

അടയിരിക്കുന്ന സ്വഭാവം കാടകൾക്കില്ല. അതിനാൽ കൃത്രിമമായി വിരിയിച്ചെടുക്കുകയോ അടയിരിക്കുന്ന കോഴികളെ ഉപയോഗിച്ചു മുട്ട വിരിയിച്ചെടുക്കുകയോ ചെയ്യണം. കാടമുട്ടകൾ 16-18 ദിവസം കൊണ്ട് മുട്ടകൾ വിരിയും.

## കാട കുഞ്ഞുങ്ങളുടെ പരിപാലനം

കോഴി കുഞ്ഞുങ്ങൾക്കു നൽകുന്ന പരിപാലന മുറകളെല്ലാംതന്നെ കാടക്കുഞ്ഞുങ്ങൾക്കും നൽകാം. മൂന്നാഴ്ചയോളം കാടക്കുഞ്ഞുങ്ങൾക്ക് കൃത്രിമച്ചൂട് നൽകേണ്ടതാണ്. ആരംഭത്തിൽ 37.5 ഡിഗ്രി സെൽഷ്യസ് ചൂടാണ് നൽകേണ്ടത്. അന്തരീക്ഷത്തിലെ ചൂടു കുറവാണെങ്കിൽ മാത്രം മൂന്നാഴ്ചക്കുശേഷം ചൂട് നൽകേണ്ടതുള്ളൂ. ഡീപ്പ്ലിറ്റർ രീതിയിൽ 100 കുഞ്ഞുങ്ങൾക്ക് നാൽപതോ, അറുപതോ വാട്ട് ബൾബ് ഒന്നുമതിയാകും. ഒരു കാടക്കുഞ്ഞിനു 75 ചതുരശ്ര സെ.മീ. ബ്രൂഡർ സ്ഥലവും യഥേഷ്ടം ഓടിനടക്കുന്നതിന് വേറെ 75 ചതുരശ്ര സെ.മീ. സ്ഥലവും നൽകണം. വെള്ളപ്പാത്രം ചിലവുകുറഞ്ഞതും വൃത്തിയാക്കാൻ എളുപ്പമുള്ളതും ആയിരിക്കണം. വൃത്തിയുള്ളതും തണുത്തതുമായ വെള്ളമായിരിക്കണം കുടിക്കാൻ കൊടുക്കുന്നത്. വെള്ളം താഴെ വീണ് ലിറ്റർ നനയാതെ പ്രത്യേകം ശ്രദ്ധിക്കണം. 100 കുഞ്ഞുങ്ങൾക്ക് ഒരു ലിറ്റർ വീതം വെള്ളം കൊള്ളുന്ന രണ്ടു വെള്ളപാത്രങ്ങൾ മതിയാവും. വെള്ളത്തിൽ വീണു കുഞ്ഞുങ്ങൾ ചാകുന്നത് ഒഴിവാക്കുന്നതിനായി വെള്ളപ്പാത്രത്തിൽ മാർബിൾ ഗോലികൾ ഇടുന്നത് നല്ലതാണ്.

ഡീപ്പ് ലിറ്റർ സമ്പ്രദായത്തിൽ കാടകളെ വളർത്തുമ്പോൾ 5 സെന്റീമീറ്റർ ഘനത്തിൽ വൃത്തിയുള്ള വിരി (ലിറ്റർ) നൽകേ



ണ്ടതാണ്. ഈ വിരിക്കുമുകളിൽ ആദ്യത്തെ കുറച്ചുദിവസങ്ങളിൽ ചുരുണ്ട കടലാസുകൾ ഇട്ടു കൊടുക്കാം. ആദ്യത്തെ ഒരാഴ്ച ക്കാലം ബ്രൂഡറിനുചുറ്റും 30 സെന്റീമീറ്റർ പൊക്കത്തിൽ കാർഡ് ബോർഡുകൊണ്ടോ പനമ്പുകൊണ്ടുള്ള 'ചിക്ക് ഗാർഡ്'കളൊ വയ്ക്കണം. ഈ വലയം കുഞ്ഞുങ്ങൾ ബ്രൂഡറിൽ നിന്നും അകന്നുപോകാതെ സൂക്ഷിക്കും. ഈ ചിക്ക് ഗാർഡുകൾ ബൾബിൽ നിന്നും 30 മുതൽ 60 സെന്റീമീറ്റർ അകലെയായിരി ക്കണം. കുഞ്ഞുങ്ങൾ വലുതാകുന്നതനുസരിച്ച് ചിക്ക് ഗാർഡിന്റെ വിസ്തീർണ്ണം വലുതാക്കി ആവശ്യമുള്ള സ്ഥലം നൽകാം. ഈ വലയം ഒരാഴ്ചകഴിഞ്ഞാൽ എടുത്തുമാറ്റാവുന്നതാണ്.

## വളരുന്ന കാടകളുടെ പരിപാലനം

മൂന്നാഴ്ച മുതൽ ആറാഴ്ച വരെയാണ് വളരുന്ന പ്രായം. മൂന്നാഴ്ച പ്രായമായാൽ കൃത്രിമച്ചൂട് നൽകാനുള്ള ഉപകരണം മാറ്റാം. തുടർന്ന് ശരിയായ വളർച്ചയും ആരോഗ്യവുമില്ലാത്ത കുഞ്ഞുങ്ങളെ തെരഞ്ഞുമാറ്റേണ്ടതാണ്. വളരുന്ന ഒരു കാടക്കു ഞ്ഞിന് ഡീപ്പ് ലിറ്റർ സമ്പ്രദായത്തിൽ 200-250 ചതുരശ്ര സെന്റീ മീറ്റർ സ്ഥലവും കേജ് സമ്പ്രദായത്തിൽ 150-175 ചതുരശ്ര സെന്റീ മീറ്റർ സ്ഥലസൗകര്യവും നൽകേണ്ടതാണ്. 3-4 ആഴ്ച പ്രായ ത്തിൽ ആവശ്യമുള്ള പക്ഷം ചുണ്ടു മുറിക്കാവുന്നതാണ്

ആദ്യത്തെ രണ്ടാഴ്ച പ്രായംവരെ കാടക്കുഞ്ഞുങ്ങൾക്ക് 24 മണിക്കൂറും വെളിച്ചം നൽകണം. മൂന്നാമത്തെ ആഴ്ച അവ സാനിക്കുമ്പോൾ ഇത് 12 മണിക്കൂറായി കുറയ്ക്കാവുന്നതാണ്. 6 ആഴ്ച പ്രായം വരെ 12 മണിക്കൂർ വെളിച്ചം മതിയാകും. എന്നാൽ വിൽപനയ്ക്ക് 8-10 ദിവസം മുമ്പ് 8 മണിക്കൂർ വെളി ച്ചവും 16 മണിക്കൂർ ഇരുളും നൽകുന്നത് ശരീരതൂക്കം വർദ്ധിപ്പി ക്കുന്നതായി കണ്ടിട്ടുണ്ട്.

കാടകളുടെ കൂട്ടിനുള്ളിൽ നല്ല വായുസഞ്ചാരവും വൃത്തി യുള്ള അന്തരീക്ഷവും എപ്പോഴും ഉണ്ടായിരിക്കണം. മൂന്നാഴ്ച



പ്രായത്തിൽ കഴുത്തിലേയും നെഞ്ചിലേയും തൂവലുകളുടെ നിറ വ്യത്യാസത്തിൽ നിന്നും ആൺപെൺ കാടകളെ തിരിച്ചറിയാം. ആൺകാടകൾക്ക് ചുവപ്പും തവിട്ടും കലർന്ന നിറത്തിലുള്ള തൂവലുകളും പെൺകാടകൾക്ക് കറുപ്പു പുള്ളികൾ അടങ്ങിയ ചാരനിറത്തിലുള്ള തൂവലുകളും ഉണ്ടാവും. ആൺകാടകൾ പെൺകാടകളെക്കാൾ വലിപ്പം കുറഞ്ഞവയായിരിക്കും.

## പ്രായപൂർത്തിയായ കാടകളുടെ പരിപാലനം

കാടകൾ സാധാരണയായി ആറാഴ്ചപ്രായത്തിൽ പൂർണ്ണ വളർച്ചയെത്തുകയും ഏകദേശം 150 ഗ്രാം ശരീരതൂക്കം ഉണ്ടായിരിക്കുകയും ചെയ്യും. പെൺകാടകൾ ഈ പ്രായത്തിൽ മുട്ടയിട്ടു തുടങ്ങുന്നു. ഈ പ്രായത്തിൽ ഇറച്ചിയ്ക്കായി വളർത്തുന്നവയെ വിൽക്കാം. പ്രായപൂർത്തിയായ കോഴികൾക്ക് നൽകുന്ന പരിപാലന മുറകളെല്ലാംതന്നെ ഇവയ്ക്കും നൽകാം. മുട്ടയിടുന്നതിനായി ചെറിയപ്പെട്ടികൾ കൂട്ടിനുള്ളിൽ സ്ഥാപിക്കണം. മുട്ടയിടുന്ന കാടകൾക്ക് 16 മണിക്കൂർ വെളിച്ചം നൽകുന്നത് മുട്ടയുൽപാദനം വർദ്ധിപ്പിക്കുന്നതിനു സഹായിക്കും. അനാവശ്യമായി പെൺകാടകളെ കൈകാര്യം ചെയ്യുന്നത് പ്രായപൂർത്തിയെത്തുന്നതിനു കാലതാമസം വരുത്തുന്നു.

## കേജ് സമ്പ്രദായത്തിൽ കാടവളർത്തൽ

കാടകളെ കേജുകളിലും വളർത്താം. ഒന്നിൽ കൂടുതൽ തട്ടുകളുള്ള കോളനി കേജുകളാണ് ഉത്തമം.

ഒരു കേജിനു മുകളിൽ മറ്റൊരു കേജുവരത്തക്കവണ്ണവും കോണിപ്പടിപ്പോലെയും മൂന്നുനിരയായുള്ള കേജുകളുടെ സമൂഹവും ഘടിപ്പിക്കാം. ഈ കേജുസമൂഹങ്ങൾ കൂരയിൽ നിന്നും കെട്ടിത്തൂക്കിയോ, നിലത്തുറപ്പിച്ച ആംഗിൾ അയണുകളുമായി ബന്ധിപ്പിച്ചോ നിർത്താവുന്നതാണ്. ഈ രീതിയിൽ കുറച്ചു സ്ഥലത്ത് കൂടുതൽ കാടകളെ വളർത്താം.



താഴെപറഞ്ഞിരിക്കുന്ന അളവുകളിൽ കൂടുകൾ നിർമ്മിക്കുന്നതാണ് അഭികാമ്യം.

1. 12.5 x 20 x 25 സെന്റീമീറ്റർ അളവിലുള്ള കൂടുകളിൽ ഒരു ജോടി കാടകളെ വളർത്താം.
2. 60 x 60 x 25 സെന്റീമീറ്റർ അളവിലുള്ള കൂടുകളിൽ 25 കാടകളെ വളർത്താം.
3. 60 x 120 x 25 സെന്റീമീറ്റർ അളവിലുള്ള കൂടുകളിൽ 50 കാടകളെ വളർത്താം.

## ആഹാരക്രമം

കാടകൾക്കും സമീകൃതാഹാരം അത്യാവശ്യമാണ്. ആദ്യത്തെ 3 ആഴ്ച സ്റ്റാർട്ടർ തീറ്റയും അതിനുശേഷം 6 ആഴ്ച വരെ ഗ്രോവർ തീറ്റയും നൽകണം. 6 ആഴ്ചക്കുമേൽ ലേയർ തീറ്റ നൽകാവുന്നതാണ്. മുട്ടയിടുന്ന കാടകൾക്ക് തീറ്റയിൽ കക്ക പ്പൊടി ചേർത്ത് കൊടുക്കുന്നത് നല്ല കട്ടിയുള്ള തോടോടു കൂടിയ മുട്ടയുൽപാദിപ്പിക്കാൻ സഹായിക്കും. ഒരു കാട 5 ആഴ്ച പ്രായം വരെ 400 ഗ്രാം തീറ്റയെടുക്കുന്നു. അതിനുശേഷം ഒരു കാട ദിവസേന 20-25 ഗ്രാം തീറ്റ കഴിക്കുന്നു. ഒരു വർഷം ഒരു കാട ഏകദേശം 8 കിലോഗ്രാം തീറ്റ എടുക്കുന്നു.

## തീറ്റയുടെ ഘടന

| *ചേരുവകൾ കി.ഗ്രാം/100 കി.ഗ്രാം* | *സ്റ്റാർട്ടർ 0-3 ആഴ്ച* | *ഗ്രോവർ 4-6 ആഴ്ച* |
|---|---|---|
| ചോളം | 46.00 | 43.00 |
| അരിത്തവീട് | 10.00 | 20.00 |
| കപ്പലണ്ടിപ്പിണ്ണാക്ക് | 30.00 | 27.00 |
| മീൻപൊടി | 12.00 | 8.00 |
| ധാതുമിശ്രിതം | 1.70 | 1.50 |
| ഉപ്പ് | 0.3 | 0.5 |
| ജീവകം (A $B_2$ $D_3$) | 0.02 | 0.02 |
| ജീവകം ഇ | 0.008 | 0.008 |



കോഴിത്തീറ്റയിൽ ചെറുവ്യതിയാനങ്ങൾ വരുത്തി കാടകൾക്ക് നൽകാം. ഇറച്ചിക്കോഴികൾക്ക് ഉപയോഗിക്കുന്ന തീറ്റകളിൽ (ബ്രോയിലർ, സ്റ്റാർട്ടർ, ഫിനിഷർ) ഓരോ 100 കി.ഗ്രാമിനും 2 കി.ഗ്രാം മീൻ പൊടിയും 5 കി.ഗ്രാം കപ്പലണ്ടിപ്പിണ്ണാക്കും 6 ഗ്രാം ജീവകം 'ഇ'യും ചേർത്ത് കായിൽ സ്റ്റാർട്ടറും ഗ്രോവറും തീറ്റകളായി ഉപയോഗിക്കാവുന്നതാണ്.

## രോഗങ്ങൾ, പ്രതിരോധ മാർഗ്ഗങ്ങൾ

ആദ്യത്തെ രണ്ടാഴ്ചക്കാലം കാലാവസ്ഥയിലുള്ള വ്യതിയാനം കൊണ്ട് മരണനിരക്ക് കൂടുതലായി കണ്ടുവരുന്നു. അതിനാൽ രണ്ടാഴ്ചക്കുമേൽ പ്രായമുള്ള കുഞ്ഞുങ്ങളെ വാങ്ങി വളർത്തുന്നതാണ് ഉചിതം.

കോഴികളിൽ മാരകമായി കണ്ടുവരുന്ന കോഴിവസന്ത, രക്താതിസാരം എന്നീ രോഗങ്ങൾ കാടകളിൽ അപൂർവ്വമായിട്ടേ കാണാറുള്ളൂ. എന്നാലും താഴെപറയുന്ന രോഗങ്ങൾ കാടകളെ ബാധിക്കാറുണ്ട്.

### 1. ബ്രൂഡർ ന്യുമോണിയ

കാടക്കുഞ്ഞുങ്ങളെ സാധാരണയായി ബാധിക്കുന്ന ഒരു രോഗമാണ് ഇത്. ബ്രൂഡറിലെ ജലാംശം കൂടുമ്പോൾ 'ആസ്പർജില്ലസ്' എന്ന പൂപ്പൽ രോഗാണു വളർന്നാണ് രോഗബാധയുണ്ടാകുന്നത്. ശ്വാസകോശത്തെ ബാധിക്കുന്ന ഈ രോഗം നിമിത്തം കുഞ്ഞുങ്ങൾ ചത്തുപോകുന്നു. ബ്രൂഡറിലെ ജലാംശം കുറച്ചും തീറ്റയിൽ പൂപ്പൽ വളർച്ച തടയുന്നതിന് കാത്സ്യം പ്രൊപ്പിയോണേറ്റ് ചേർത്തും ഈ രോഗം തടയാം.

### 2. വയറുകടി

പ്രായപൂർത്തിയായ കാടകളിൽ സാധാരണയായി ഈ രോഗം കണ്ടുവരുന്നു. നനവുള്ള ലിറ്ററും വൃത്തിഹീനമായ പരിസരവും ഈ രോഗത്തിന് കാരണമാണ്. ഒരു ഗ്രാം സ്ട്രെപ്റ്റോ



മൈസിൻ (Streptomycin) ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തുടർച്ചയായി 3 ദിവസം കുടിക്കാൻ നൽകുന്നതാണ് നിയന്ത്രണ മാർഗ്ഗം.

## 3. കൊറൈസ (ശ്വാസകോശ രോഗം)

ശ്വാസകോശത്തേയും കുടലിനേയും ബാധിച്ചു പഴുപ്പുണ്ടാക്കുന്ന ഒരു രോഗമാണിത്. ഫുറാൽറ്റാഡോൺ ഹൈഡ്രോക്ലോറൈഡ് 20 ശതമാനം എന്ന ഔഷധം ഒരു ലിറ്റർ വെള്ളത്തിൽ ഒരു ഗ്രാം എന്ന തോതിൽ 5 ദിവസം നൽകാം.

## 4. അർശസ്സ് (ക്വയിൽ ഡിസീസ്)

കാടകളിൽ ഈ രോഗം സാധാരണയാണ്. ലിറ്റർ നനയാതിരിക്കുകയും കൂടും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും ചെയ്താൽ ഈ രോഗബാധയെ ഒഴിവാക്കാം.

കാടവളർത്തലിൽ ശുചിത്വത്തിനു വളരെ പ്രധാനമായ പങ്കുണ്ട്. കൂടും പരിസരവും അണുനാശിനി തളിച്ച് അണുവിമുക്തമാക്കുകയും രോഗം ബാധിച്ച കാടകളെ കൂട്ടിൽ നിന്നും ഉടൻ തന്നെ മാറ്റുകയും ചെയ്യുന്നത് രോഗബാധ ഒഴിവാക്കാൻ സഹായിക്കും.

******